# <u>വിദേശകാര്യ സഹമന്ത്രി ശ്രീ എം ജെ അക്ബറുടെ ഔദ്യോഗിക യുഎഇ സന്ദര്ശനം</u>
# <u>( 18-20 ഒക്ടോബര്, 2016)</u>

ഒക്ടോബര് 18, 2016

ആദരണീയനായ വിദേശകാര്യ സഹമന്ത്രി ശ്രീ എം ജെ അക്ബര് തന്റെ ആദ്യത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഒക്ടോബര് 18 -20 , 2016 നു യുണൈറ്റഡ് അറബ് എമിറേറ്റ്സ് സന്ദർശിക്കും

സന്ദർശനത്തിന്റെ ഭാഗമായി അദ്ദേഹം യുഎയിലെ വിദേശകാര്യസഹമന്ത്രിയെ , യുഎഇ നേതാതാക്കളെ കാണുകയും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി , മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളില് ഔദ്യോഗിക ചർച്ചകള് നടത്തുകയും ചെയ്യും. അതിനു പുറമെ ദുബായില് ഒക്ടോബര് 19-10 തീയതികളില് നടക്കുന്ന ഇന്ത്യാ-യുഎഇ സാമ്പത്തിക ഫോറം രണ്ടാം ഭാഗത്തില് പ്രധാന പ്രഭാഷകനായി അദ്ദേഹം പങ്കെടുക്കുകയും ചെയ്യും. യു എ ഇയിലെ ഇന്ത്യന് സമൂഹവുമായി അദ്ദേഹം ചർച്ചകള് നടത്തും.

ഇന്ത്യ യു എ ഇയുമായി വളരെ അടുപ്പമുള്ളതും ബഹുമുഖ ഉഭയകക്ഷി ബന്ധങ്ങളും ആസ്വദിക്കുന്നു , അത് നിരന്തരമായ ഉന്നതതല സന്ദർഷണങ്ങള്, വളരെയധികം ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവയിലൂടെ ആണ് നടപ്പാക്കുന്നതും . ഇന്ത്യയുടെ ആദരണീയനായ പ്രധാനമന്ത്രി ആഗസ്ത് 2015 ല് യു എ ഇ സന്ദർശിച്ചതും 2016 ഫെബ്രുവരിയില് അബുദാബിയുടെ കിരീടാവകാശിയായ രാജകുമാരന് ഹിസ് ഹൈനസ് ഷെയ്ക് മൊഹമ്മദ് ബിന് സയ്യദ് അല് നഹ്യാന് ഇന്ത്യ സന്ദർശിച്ചതുമുൾപ്പെടെയുള്ള അടുത്തകാലത്തുണ്ടായ സന്ദർശനങ്ങള് ഈ ബന്ധത്തെ വളരെ സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്ത തലത്തിലേക്ക് ഉയർത്തി

നമ്മുടെ വളരെ സന്തുലിതമായ ഉഭയ കക്ഷി വ്യാപാരം 2015-26 കാലങ്ങളില് 50 ബില്യണ് യുഎസ് ഡോളര് ആയി മാറിയിരുന്നു , അത് വഴി യുഎയിയെ നമ്മുടെ ഏറ്റവും വലിയ മൂന്നാമത്തെ വ്യാപാര പങ്കാളിയാക്കി മാറ്റുകയും ചെയ്തു . നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ കാര്യത്തില് യുഎഇ ഇന്ത്യയിലെ ഏറ്റവും വലിയ നിക്ഷേപകരില് ഒന്നാണ്. ഇത് ഇന്ത്യയുടെ ഊര്ജ സുരക്ഷയില് വളരെ പ്രധാനപ്പെട്ട സംഭാവന നല്കുന്നു. 2015-2016 ല് ഇന്ത്യയുടെ ഏറ്റവും

വലിയ അഞ്ചാമത്തെ ഏറ്റവും വലിയ ക്രൂഡ് ഓയില്
വിതരണക്കാരുമാണ്

ഇന്ത്യന് സമൂഹം യുഎയിലെ ഏറ്റവും വലിയതും  ശക്തവും വൈവിധ്യവുമുള്ള  പ്രവാസി സമൂഹമാണ് ഏകദേശം 2.6 ദശലക്ഷം  വരുന്ന ഇന്ത്യക്കാര് .  ആതിഥേയ രാജ്യത്തിന്റെ വികസനത്തില്  അവർക്കുള്ള സകാരാത്മകവും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള സംഭവനകളും നമ്മുടെ വളരെ വിശേഷപ്പെട്ട ഉഭയകക്ഷി ബന്ധങ്ങളിലെ പ്രധാന ഘടകമാണ് .

യു എ ഇ യുമായുള്ള നമ്മുടെ പരസ്പരം പ്രയോജനകരമായ ഉഭയകക്ഷി ബന്ധങ്ങളെ കൂടുതല് ശക്തമാക്കുവാനുള്ള ഒരു വലിയ അവസരമാണ് ഈ സന്ദർശനം

ന്യൂഡെൽഹി
ഒക്ടോബര്  15, 2016